## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1202 13.12.2012-ൽ മറുപടിക്ക്

# നേമം നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം

| ചോദ്യം<br><br>ശ്രീ.വി. ശിവൻകുട്ടി | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യുവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) നേമം നിയോജകമണ്ഡലത്തിൽ മണക്കാട് വില്ലേജിൽ ഉൾപ്പെടുന്ന ബണ്ട് പുറമ്പോക്കിലെ കല്ലടിമുഖം, മുട്ടാറ്റുവരമ്പ്, വരവിള, ചൂരൽതോപ്പ് എന്നിവിടങ്ങളിലെ എൺപത്തിമൂന്നോളം കുടുംബങ്ങളുടെ കൈവശഭൂമിയ്ക്ക് പട്ടയം ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട ഫയലിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ&ബി)<br>മണക്കാട് വില്ലേജിൽ ബണ്ട് പുറമ്പോക്ക് ഇനത്തിൽ ഉൾപ്പെടുന്ന പ്രസ്തുത ഭൂമി 1960-ലെ കേരള ഭൂമി പതിവ് ആക്ടിലേയോ 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളിലെയോ വ്യവസ്ഥകൾ പ്രകാരം സ്വകാര്യ വ്യക്തിക്ക് പതിച്ചു നൽകാൻ വ്യവസ്ഥയില്ല. ഈ സ്ഥലത്ത് 100-ൽ അധികം കുടുംബങ്ങൾ വീടുകളും കുടിലുകളും വച്ച് താമസിക്കുന്നു. ബണ്ട് റോഡ് പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നത് സംബന്ധിച്ച് റവന്യൂ- ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ചിട്ടുണ്ട്. ഈ സ്ഥലം ആവശ്യമില്ലാത്തതാണെന്ന് ഇറിഗേഷൻ വകുപ്പ് അറിയിച്ചിട്ടുണ്ട് റവന്യൂ രേഖകളിൽ മാറ്റം വരുത്തിയ ശേഷം പ്രസ്തുത കുടുംബങ്ങൾക്ക് കൈവശം സ്ഥലം പതിച്ചുനൽകുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| ബി) പ്രസ്തുത കുടുംബങ്ങൾക്ക് എന്ന് പട്ടയം നൽകാൻ സാധിക്കും ; വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ